**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 320** **27-06-2022 - ൽ മറുപടിയ്ക്ക്**

**ലൈഫ് മിഷൻ പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ.പി.മോഹനൻ | | ശ്രീ. എം.വി.ഗോവിന്ദൻ മാസ്റ്റർ (തദ്ദേശ സ്വയംഭരണ, ഗ്രാമവികസനം, എക്സൈസ് വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്തെ ബി.പി.എൽ റേഷൻ കാർഡുടമകളായ എല്ലാ ഭവനരഹിതരെയും ലൈഫ് മിഷൻ പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോ; എങ്കിൽ അതിനായി സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്ന നടപടികൾ വിശദമാക്കുമോ; | (എ) | 27.7.2020-ലെ സ.ഉ. (എം.എസ്.) നം. 112/2020/ത.സ്വ.ഭ.വ ഉത്തരവിൽ പ്രതിപാദിച്ചിട്ടുള്ള മാർഗ്ഗ നിർദ്ദേശങ്ങൾക്ക് വിധേയമായാണ് ലൈഫ് 2020 ഗുണഭോക്തൃ പട്ടിക തയ്യാറാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുള്ളത്. ടി ഉത്തരവിലെ അർഹതാ മാനദണ്ഡങ്ങളും ക്ലേശഘടകങ്ങളുമാണ് ലൈഫ് ഗുണഭോക്തൃപട്ടിക തയ്യാറാക്കുന്നതിനാധാരം. |
| (ബി) | നിലവിൽ പ്രസിദ്ധീകരിച്ച പദ്ധതി ഗുണഭോക്തൃ ലിസ്റ്റിൽ ഉൾപ്പെടാത്തതും എന്നാൽ മാനദണ്ഡപ്രകാരം അർഹരായവരുമായ ഗുണഭോക്താക്കൾക്ക് എന്നത്തേക്ക് അവസരം ലഭിക്കുമെന്ന് വെളിപ്പെടുത്താമോ; | (ബി) | ലൈഫ് 2020 പ്രകാരം ഓൺലൈനായി അപേക്ഷ സമർപ്പിച്ചിട്ടുള്ളവരിൽ ലൈഫ് മാനദണ്ഡ പ്രകാരം അർഹരായ കുടുംബങ്ങളെ ഗുണഭോക്തൃപട്ടികയിൽ ഉൾപ്പെടുത്തുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു. ടി ലിസ്റ്റിൽ ഉൾപ്പെടാത്ത അർഹരായവരുടെ അപേക്ഷ ക്ഷണിക്കുന്നതിന് അന്തിമ തീരുമാനമെടുത്തിട്ടില്ല. |
| (സി) | ഏത് വർഷം വരെ റേഷൻ കാർഡ് അനുവദിക്കപ്പെട്ടവർക്കാണ് ലൈഫ് മിഷൻ പദ്ധതി പ്രകാരം ഭവന നിർമ്മാണത്തിന് അപേക്ഷിക്കുവാൻ കഴിയുന്നതെന്ന് വ്യക്തമാക്കാമോ; | (സി) | 13.02.2021 -ലെ സ.ഉ (ആർ.ടി) നം. 4189/2021/ത.സ്വ.ഭ.വ നമ്പർ ഉത്തരവ് പ്രകാരം 20.02.2021 വരെ റേഷൻ കാർഡ് ലഭ്യമായവർക്ക് അപേക്ഷ സമർപ്പിക്കുന്നതിന് അവസരം ലഭ്യമാക്കിയിരുന്നു. |
| (ഡി) | പുതിയതായി റേഷൻ കാർഡ് ലഭിച്ചവർക്ക് ലൈഫ് മിഷൻ പദ്ധതി പ്രകാരം ഭവന നിർമ്മാണത്തിനുള്ള അപേക്ഷ സമർപ്പിക്കുന്നതിന് തടസ്സം നേരിടുന്നുണ്ടോ; വിശദീകരിക്കാമോ? | (ഡി) | സർക്കാരിന്റെ 13.02.2021 -ലെ സ.ഉ (ആർ.ടി) നം. 4189/2021/ത.സ്വ.ഭ.വ നമ്പർ ഉത്തരവ് പ്രകാരം 20.02.2021 വരെ റേഷൻ കാർഡ് ലഭ്യമായവർക്ക് അപേക്ഷ സമർപ്പിക്കാനുള്ള അവസരം നൽകിയിരുന്നു. ടി തീയതിയ്ക്ക് ശേഷം പുതിയ റേഷൻ കാർഡ് ലഭിച്ചവർക്ക് പുതിയ റേഷൻ കാർഡിന്റെ അടിസ്ഥാനത്തിൽ പുതിയ അപേക്ഷ ലൈഫ് മിഷൻ ക്ഷണിച്ചിട്ടില്ല. |

സെക്ഷൻ ഓഫീസർ